# മായാത്ത കാൽപാടുകൾ മറക്കാത്ത നിമിഷങ്ങൾ

റഹ്മാൻ മുന്നൂര്

**ഒ**രു മരത്തണലിൽ ഉറങ്ങുകയായിരുന്നു പ്രവാചകൻ. കണ്ണ് തുറന്നപ്പോൾ തലക്കുമീതെ ഓങ്ങിനിൽക്കുന്ന ഖഡ്ഗമാണ് കണ്ടത്. മരക്കൊമ്പിൽ ഞാത്തിയിട്ടിരുന്ന തിരുമേനിയുടെ കരവാൾ എടുത്ത് ചുഴറ്റിക്കൊണ്ട് ശത്രുവിന്റെ കൊലവിളി: 'മുഹമ്മദ്, ആരാണിപ്പോൾ നിന്നെ രക്ഷിക്കുക?'

നിലത്ത് കിടന്നുകൊണ്ട് തിരുമേനി ശത്രുവിന്റെ മുഖത്തേക്ക് നോക്കി. കാരുണ്യത്തിന്റെ ഒരു ചെറു ലാഞ്ചനപോലും അവിടെയില്ല. ഖഡ്ഗം പുളയുന്ന ആ കരം ഒന്നമർന്നാൽ മതി, തന്റെ ശരീരം രണ്ടു കഷ്ണങ്ങളായിത്തീരും.

അടുത്തെങ്ങും സഹായത്തിന് ഒരു മനുഷ്യനുമില്ല. അല്ലാഹുവല്ലാതെ മറ്റൊരാൾക്കും തന്നെ രക്ഷിക്കാനാവുകയില്ലെന്നു തിരുമേനി മനസ്സിലാക്കി.

'ഉം, പറയൂ....' വീണ്ടും അയാളുടെ കൊലച്ചിരി. ശത്രുവിന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതെ, അക്ഷോഭ്യനായി പ്രവാചകൻ പറഞ്ഞു:

'അല്ലാഹു'.

മുഹമ്മദ് തന്റെ കാലുകളിൽ വീണു ശരണാർഥന നടത്തുമെന്നു കരുതിയ ശത്രു അപ്രതീക്ഷിതമായ ആ മറുപടി കേട്ട് നടുങ്ങിപ്പോയി. അയാളുടെ കൈകൾ വിറച്ചു. ഖഡ്ഗം കൈകളിൽനിന്ന് ഊർന്നു ചാടി. ഉടനെ ആ കരവാൾ കൈയിലെടുത്ത് തിരുമേനി തിരിച്ചു ചോദിച്ചു:

'ഇപ്പോൾ നിന്നെ ആരാണ് രക്ഷിക്കുക?'

'എനിക്ക് താങ്കളല്ലാതെ ഇപ്പോൾ ഒരു രക്ഷകനില്ല.' വിക്കി വിക്കി അയാൾ പറഞ്ഞൊപ്പിച്ചു.

തിരുമേനി അയാളെ മാപ്പു നൽകി വിട്ടയച്ചു.

**ന**ബിയുടെ പള്ളിയിൽ ഗ്രാമീണനായ ഒരറബി വന്നു മൂത്രമൊഴിച്ചു.

അല്ലാഹുവിന്റെ ഭവനം മൂത്രമൊഴിച്ചു മലിനപ്പെടുത്തുകയോ? ഇത്ര ധിക്കാരമോ ഇവന്? സ്വഹാബികൾക്ക് അരിശം നിയന്ത്രിക്കാനായില്ല. മര്യാദയില്ലാത്ത ആ കാട്ടറബിയെ അവർ വിരട്ടാൻ തുനിഞ്ഞു. ഉടനെ അവരെ തടഞ്ഞുകൊണ്ട് തിരുമേനി പറഞ്ഞു:

'വിടൂ, അയാൾ മൂത്രമൊഴിച്ചുകൊള്ളട്ടെ. നിങ്ങൾ പോയി ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അയാൾ മൂത്രമൊഴിച്ച സ്ഥലത്ത് പാരുക.'

**മ**സ്ജിദുൽ ഹറാമിൽ ഏതാനും മുശ്‌രിക്കുകൾ വട്ടമിട്ടിരുന്ന് സംസാരിക്കുന്നു. കുറച്ചപ്പുറത്ത് നബി. അവർക്കിടയിലേക്ക് ഒരു പാവപ്പെട്ട മനുഷ്യൻ കയറി വന്നു.

'അബൂജഹ്ൽ എനിക്കു കുറച്ച് പണം തരാനുണ്ട്. പക്ഷേ, ചോദിച്ചിട്ടുതരുന്നില്ല. ഞാനൊരു പാവം വഴിപോക്കനാണ്. നിങ്ങളിലാർക്കാണ് അത് വാങ്ങിത്തരാൻ കഴിയുക?' ദൈന്യത സ്ഫുരിക്കുന്ന സ്വരത്തിൽ ആഗതൻ പറഞ്ഞു. ഇബ്നുൽ ഗൗസ് എന്നു പേരായ അയാൾ ഇറാശി ഗോത്രക്കാരനായിരുന്നു.

മുശ്‌രിക്കുകൾ നബിയുടെ നേരെ വിരൽ ചൂണ്ടി: 'ആ ഇരിക്കുന്ന മനുഷ്യനെ കണ്ടോ? അയാൾ വാങ്ങിത്തരും. പോയി പറഞ്ഞുനോക്ക്.'

നബിയെ കളിയാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അബൂജഹ്‌ലിനു നബിയോടുള്ള ശത്രുത അവർക്കറിയാമായിരുന്നു. അവരുടെ ലാക്ക് പാവം ഇബ്നുൽ ഗൗസിനു മനസ്സിലായില്ല. അയാൾ നേരെ നബിയുടെ അടുത്ത് ചെന്ന് തന്റെ പരാതി അദ്ദേഹത്തെ ബോധിപ്പിച്ചു.

ഇബ്നുൽ ഗൗസ് പറഞ്ഞുതീരും മുമ്പേ തിരുമേനി എഴുന്നേറ്റു കഴിഞ്ഞിരുന്നു.

'നടക്കൂ' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം മുമ്പിൽ നടന്നു.

പരിഹസിച്ചവർ അത് കണ്ട് അത്ഭുതം കൂറി. 'മുഹമ്മദിന് അത്രക്ക് തന്റേടമോ?'

തിരുമേനിയുടെ പിതൃവ്യനാണ് അബൂജഹ്ൽ. ഇസ്‌ലാമിന്റെ കൊടിയ ശത്രു. ബഹുദൈവ വിശ്വാസികളുടെ നേതാവ്. ആർക്കും വഴങ്ങിക്കൊടുക്കാത്ത പ്രകൃതക്കാരൻ. അദ്ദേഹത്തിൽനിന്ന് പണം വാങ്ങിക്കൊടുക്കാൻ മുഹമ്മദിനു ആവുമോ? അബൂജഹ്‌ലിന്റെ വീട്ടിൽ അരങ്ങേറാൻ പോകുന്ന സംഭവങ്ങൾ നേരിൽ കാണാൻ ആ അവിശ്വാസികൾ തങ്ങളിലൊരാളെ നബിക്കു പിറകെ അയച്ചു.

അബൂജഹ്‌ലിന്റെ വീട്ടിലെത്തിയ നബി വാതി

ലിൽ ശക്തിയായി മുട്ടി.

'ആരാണ്?' അകത്തുനിന്ന് അബൂജഹ്‌ലിന്റെ ശബ്ദം.

'ഞാൻ മുഹമ്മദ്, ഇറങ്ങിവരൂ'.

വാതിൽ തുറന്ന അബൂജഹ്‌ലിന്റെ മുഖം വിളറി വെളുത്തു. ഉമ്മറപ്പടിയിൽ ജീവച്ഛവം പോലെ അയാൾ വിറങ്ങലിച്ചുനിന്നു.

'ഈ പാവത്തിന്റെ പണം കൊടുക്കൂ'– നബിയുടെ ഉഗ്രശാസന.

'ഇതാ കൊടുത്തേക്കാം'.

വിറയാർന്ന സ്വരത്തിൽ അത്രയും പറഞ്ഞ് അബൂജഹൽ അകത്തേക്ക് വലിഞ്ഞു.

അൽപം കഴിഞ്ഞ് തിരിച്ചുവന്ന അദ്ദേഹം ഇബ്നുൽ ഗൗസിന്റെ കടം തീർത്തു.

പണം കിട്ടിയ ആഹ്ലാദത്തോടെ ഇബ്നുൽ ഗൗസ് മസ്ജിദുൽ ഹറാമിലേക്ക് ചെന്നു. അവിടെ കാത്തിരിക്കുകയായിരുന്ന അവിശ്വാസികളോട് അദ്ദേഹം പറഞ്ഞു: 'നോക്കൂ, അദ്ദേഹമത് വാങ്ങിത്തന്നു. നല്ല മനുഷ്യൻ. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.'

പക്ഷേ, അവർക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. മുഹമ്മദിന്റെ മുമ്പിൽ അബൂജഹ്ൽ ചൂളിപ്പോയെന്നാണോ ഇവൻ പറയുന്നതിന്റെ അർഥം? അസംഭവ്യം. അപ്പോഴേക്കും മറ്റേയാളും തിരിച്ചെത്തി. 'മുഹമ്മദ് പണം കൊടുക്കാൻ പറഞ്ഞപ്പോൾ ഒരക്ഷരം മറുത്തുപറയാതെ അബൂജഹൽ അതനുസരിച്ചു. ഇതുപോലൊരു പേടിത്തൊണ്ടനെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല'– അയാൾ പറഞ്ഞു. എന്നിട്ടും അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

അതാവരുന്നു അബൂജഹ്ൽ. അവർ അബൂജഹലിന്റെ അടുത്തേക്ക് ഓടിച്ചെന്നു.

അബുൽഹകം: 'എന്ത് നാണംകെട്ട പണിയാണ് ചെയ്തത്? ഇത്ര ഭീരുവാണ് താങ്കളെന്ന് ഞങ്ങൾ അറിഞ്ഞില്ല.' അവർ പറഞ്ഞു.

'സംഭവം വല്ലതും നിങ്ങൾക്കറിയുമോ!'

അബൂജഹ്ൽ ശുണ്ഠിയെടുത്തു. 'മുഹമ്മദിന്റെ ശബ്ദം കേട്ടപ്പോൾ തന്നെ ഭീതികൊണ്ട് എന്റെ ഉള്ളാകെ കിടിലംകൊണ്ടു. ഞാൻ പുറത്തിറങ്ങിയപ്പോഴാകട്ടെ, അവന്റെ രണ്ടു ചുമലുകളിലും രണ്ടു ഒട്ടകക്കൂറ്റന്മാർ ഇരിക്കുന്നതായിട്ടാണ് എനിക്ക് തോന്നിയത്. ഞാൻ ചെറുത്തുനിന്നാൽ അവ രണ്ടും എന്നെ കൊന്നുകളഞ്ഞേനേ'. അദ്ദേഹം അപ്പോഴും വിറക്കുകയായിരുന്നു.

**മ**ക്കാവാസികളിൽ നല്ലവരൊക്കെ വിശ്വസിച്ചുകഴിഞ്ഞു. ബാക്കിയുള്ളവപർ ഹൃദയം കരിമ്പാറ കണക്കെ കടുത്തുപോയ ചിലർ മാത്രം. അവരുടെ മർദനമേറ്റ് വിശ്വസിച്ചവർ പൊറുതിമുട്ടി. പലരും രക്തസാക്ഷികളായി. മറ്റുള്ളവർ കഠിനമായ പീഡനങ്ങൾക്ക് വിധേയരാക്കപ്പെട്ടു. അവസാനം മദീന അവർക്ക് അഭയകേന്ദ്രമായിരിക്കുകയാണ്.

തിരുമേനിയുടെ കൂട്ടുകാരെല്ലാം മദീനയിലേക്ക് പലായനം ചെയ്തുകഴിഞ്ഞു. വിരലിലെണ്ണാവുന്ന ചിലർ മാത്രമേ മക്കയിൽ അവശേഷിച്ചിരിപ്പുള്ളൂ. തിരുമേനിയും യാത്രക്കൊരുങ്ങുകയാണ്.

മുഹമ്മദ് മദീനയിൽ അഭയംതേടും മുമ്പേ അവനെ വധിച്ചുകളയണം. ദാറുൽ അർഖമിൽ സമ്മേളിച്ച ശത്രുനേതാക്കൾ തീരുമാനിച്ചു. ഓരോ ഗോത്രത്തിൽനിന്നും കരുത്തരായ ഓരോ ചെറുപ്പക്കാരെ തെരഞ്ഞെടുത്തു. വധദൗത്യം അവരെ ചുമതലപ്പെടുത്തി.

രാത്രി. ഊരിപ്പിടിച്ച ഖഡ്ഗങ്ങളുമായി ശത്രുക്കൾ നബിയുടെ വീട് വളഞ്ഞിരിക്കുന്നു. പുറത്തിറങ്ങിയാൽ വധിച്ചുകളയാമെന്ന വിചാരവുമായി അവർ ജാഗ്രത്തായി നിലകൊണ്ടു.

തിരുമേനി മദീനയിലേക്ക് പലായനം ചെയ്യാൻ അബൂബക്ർ സിദ്ദീഖുമായി പറഞ്ഞുറച്ച രാത്രിയായിരുന്നു അത്. ഒട്ടകങ്ങളെ ഒരുക്കി അബൂബക്ർ കാത്തുനിൽക്കുന്നു. തിരുമേനി യാത്രക്ക് തയാറെടുത്തു. അലിയ്യുബ്നു അബീത്വാലിബിനെ വിളിച്ചു തന്റെ വിരിപ്പിൽ കിടന്നുറങ്ങിക്കൊള്ളാൻ അദ്ദേഹം കൽപിച്ചു.

അനന്തരം സ്വർണത്തിന്റെയും വെള്ളിയുടെയും കുറേ കിഴികൾ അദ്ദേഹം അലിയുടെ മുമ്പിൽ കൊണ്ടുവെച്ചു. മക്കക്കാർ തിരുമേനിയെ സൂക്ഷിക്കാനേൽപിച്ച പണമാണത്. അവ ഉടമകൾക്ക് ഏൽപിച്ചുകൊടുക്കാൻ തിരുമേനി അലിയെ ചുമതലപ്പെടുത്തി.

ആരായിരുന്നു അവയുടെ ഉടമസ്ഥർ? പതിമൂന്നുകൊല്ലം തിരുമേനിയെയും സഖാക്കളെയും ഉപദ്രവിച്ചുകൊണ്ടിരുന്നവർ. മദീനയിലേക്ക് പലായനം ചെയ്യാൻ മുസ്‌ലിംകളെ നിർബന്ധിതരാക്കിയവർ. നബിയെ വധിക്കാനായി അദ്ദേഹത്തിന്റെ വീടു വളഞ്ഞുനിൽക്കുന്ന കൊലയാളികളെ അതിനായി പറഞ്ഞയച്ചവർ...... അതേ അവരെല്ലാം തങ്ങളുടെ പണം സൂക്ഷിക്കാൻ ഏൽപിച്ചിരുന്നത് പ്രവാചകനെ ആയിരുന്നു. അൽഅമീന്റെ സത്യസന്ധതയെക്കുറിച്ച് അവർക്ക് തരിമ്പും സംശയമുണ്ടായിരുന്നില്ല. പാതിരാവിന്റെ അന്ധകാരത്തിൽ അതീവ രഹസ്യമായി മദീനയിലേക്ക് പലായനം ചെയ്യുമ്പോൾ, ശത്രുക്കളുടെ ആ പണം തിരിച്ചേൽപിക്കുന്നതിനുള്ള ഏർപാടുകൾ ചെയ്യാൻ തിരുമേനി മറക്കുന്നില്ല. നോക്കൂ. ഇതാണ് സത്യസന്ധത.

**"താ**ങ്കൾക്കു തരാനുള്ള തുക ഞാൻ കൊണ്ടുവരാം. താങ്കൾ ഇവിടത്തന്നെ നിൽക്കുക"– അതു പറഞ്ഞുകൊണ്ട് അബ്ദുല്ലാഹിബ്നു ഹംസ സ്ഥലം വിട്ടു. അയാൾ തിരിച്ചുവരുന്നതും കാത്ത് തിരുമേനി അവിടെ ഇരുന്നു. നിമിഷങ്ങൾ... മണിക്കൂറുകൾ കൊഴിഞ്ഞുകൊണ്ടിരുന്നു. ഇബ്നുഹംസയെ കണ്ടില്ല.

പകൽ അസ്മതിച്ചു. രാത്രിയായി. നേരം പുലർന്നു. പക്ഷേ, ഇബ്നുഹംസ വന്നില്ല. അയാൾ വരുമെന്ന പ്രതീക്ഷയോടെ തിരുമേനി അവിത്തന്നെ ഇരിക്കുകയാണ്.

പിന്നെയും രണ്ടു തവണ സൂര്യനസ്തമിക്കുകയും ഉദിക്കുകയും ചെയ്തു. തിരുമേനിയുടെ പ്രതീക്ഷ മാത്രം അസ്തമിക്കാതെനിന്നു. മൂന്നാം ദിവസം അതുവഴി കടന്നുപോകവെ, തിരുമേനി അവിടെ ഒരു കല്ലിൽ കുത്തിയിരിക്കുന്നത് കണ്ടപ്പോഴാണ് ഇബനു ഹംസ തന്റെ വാഗ്ദാനമോർത്തത്. അയാളെ കണ്ടപ്പോൾ തിരുമേനി പറഞ്ഞു: 'യുവാവേ, താങ്കളെന്നെ വിഷമിപ്പിച്ചുകളഞ്ഞു. മൂന്ന് ദിവസമായി ഞാനിവിടെ ഇരിക്കുന്നു.'

പ്രവാചകത്വലബ്ധിക്ക് മുമ്പാണ് ഈ സംഭവം.

ഹുദൈബിയാ സന്ധിയിലെ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്കെതിരും ബഹുദൈവവിശ്വാസികൾക്ക് അനുകൂലവുമായിരുന്നു. മാത്രമല്ല സന്ധി എഴുതുമ്പോൾ തിരുമേനി പല വിട്ടുവീഴ്ചകൾക്കും സന്നദ്ധനായി. 'ദയാപരനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്നെഴുതിയപ്പോൾ, തുടക്കത്തിലെ രണ്ടു വിശേഷണങ്ങളും വെട്ടിക്കളയണമെന്ന് ശത്രുക്കൾ ശഠിച്ചു. തിരുമേനി അതിനു വഴ

ങ്ങുകയും ചെയ്തു. 'തുടർന്ന് അല്ലാഹുവിന്റെ പ്രാവചകൻ മുഹമ്മദ്' എന്നെഴുതിയപ്പോൾ ശത്രുക്കൾ അതിനെയും എതിർത്തു. അപ്പോൾ, 'അബ്ദുല്ലയുടെ മകൻ മുഹമ്മദ്' എന്ന് തിരുത്തിയെഴുതാൻ നബി(സ) സന്നദ്ധനായി.

ഈ നടപടികളൊന്നും മുസ്‌ലിംകൾക്ക് രസിച്ചില്ല. ശത്രുവിനുള്ള അടിയറവായി അതിനെ അവർ മനസ്സിലാക്കി. ഇങ്ങനെ ഒരു കീഴടങ്ങലിന്റെ ആവശ്യമെന്ത്? മുസ്‌ലിംകൾ ഇന്ന് അജയ്യമായ ഒരു ശക്തിയായി വളർന്നുകഴിഞ്ഞിരിക്കുന്നു. അല്ലാഹുവിനെയല്ലാതെ മറ്റൊരു ശക്തിയെയും അവർക്ക് ഭയപ്പെടാനില്ല. നബിക്ക് ചുറ്റും മുറുമുറുപ്പുകളുയർന്നു. ഹസ്രത്ത് ഉമറിന് ആത്മനിയന്ത്രണം നഷ്ടപ്പെട്ടു. നബിയെ വിളിച്ചു അദ്ദേഹം ചോദിച്ചു:

'പ്രവാചകരേ, സത്യമായും താങ്കൾ ദൈവദൂതനല്ലേ?'

നബി: 'അതേ, ഞാൻ പ്രവാചകൻ തന്നെ'.

ഉമർ: 'നാമെല്ലാം മുസ്‌ലിംകളല്ലേ?'

നബി: 'അതേ, നാമെല്ലാം മുസ്‌ലിംകൾ തന്നെ'.

ഉമർ: 'ഈ ശത്രുക്കളെല്ലാം വിഗ്രഹാരാധകരല്ലേ?'

നബി: 'സംശയമില്ല. അവർ വിഗ്രഹാരാധകർതന്നെ.'

ഉമർ: 'എങ്കിൽ ദീനിന്റെ കാര്യത്തിൽ ഞങ്ങൾ ഇതെങ്ങനെ സഹിക്കും?'

നബി: 'ഞാൻ അല്ലാഹുവിന്റെ ദൂതനാണ്. അവന്റെ കൽപനക്ക് വിപരീതമായി യാതൊന്നും ഞാൻ ചെയ്യുകയില്ല. അവൻ ഒരു കാലത്തും എന്നെ താഴ്ത്തുകയുമില്ല'.

'**അ**ല്ലാഹുവിന്റെ ദൂതരേ, വേലക്കാരനു ഒരു ദിവസം എത്രതവണ മാപ്പു കൊടുക്കാം'– ഒരാൾ നബിയുടെ അടുത്തുവന്നു ചോദിച്ചു. തിരുമേനി ഒന്നും മിണ്ടിയില്ല. ആഗതൻ വീണ്ടും ചോദിച്ചു. അപ്പോഴും തിരുമേനി മൗനം ഭജിക്കുകയാണ് ചെയ്തത്. മൂന്നാം തവണയും ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ അവിടുന്നു പറഞ്ഞു: 'ദിവസവും എഴുപത് തവണ അവനു മാപ്പുകൊടുക്കുക.'

'**അ**ബൂ മസ്ഊദ്, നിനക്ക് ഈ അടിമയുടെ മേൽ എത്രമാത്രം അവകാശമുണ്ടോ അത്രകണ്ട് അവകാശം അല്ലാഹുവിന് നിന്റെ മേലുണ്ട്'. പിന്നിൽ ശബ്ദം കേട്ട് അബൂമസ്ഊദ് തിരിഞ്ഞുനോക്കി. നബിതിരുമേനി! അബൂമസ്ഊദ് ഭയന്നുപോയി. ഏതോ തെറ്റു ചെയ്തതിനു തന്റെ അടിമയെ പ്രഹരിക്കുകയായിരുന്നു അദ്ദേഹം. തിരുമേനിയുടെ വാക്കുകൾ അബൂമസ്ഊദിനെ പശ്ചാത്താപവിവശനാക്കി. 'അല്ലാഹുവിന്റെ ദൂതരേ, ഈ അടിമയെ ഞാനിതാ മോചിപ്പിച്ചിരിക്കുന്നു'– അദ്ദേഹം പറഞ്ഞു. 'താങ്കൾ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ നരകാഗ്നി താങ്കളെ ദഹിപ്പിക്കുമായിരുന്നു'–തിരുമേനി പറഞ്ഞു.

**ഒ**രു കമ്പിളിപ്പുതപ്പിൽ എന്തോ പൊതിഞ്ഞു പിടിച്ചുകൊണ്ട് ഒരാൾ കയറിവന്നു. നബിയുടെ സമീപത്തെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'ഒരു തള്ളപ്പക്ഷിയും അതിന്റെ കുഞ്ഞുങ്ങളുമാണ് ഇതിനകത്ത്. വൃക്ഷങ്ങൾ തിങ്ങിവളരുന്ന ഒരു തോട്ടത്തിലൂടെ ഞാൻ വരികയായിരുന്നു. അപ്പോഴാണ് പക്ഷിക്കുഞ്ഞുങ്ങളുടെ ശബ്ദം കേട്ടത്. അവയെ പിടിച്ച് ഈ കമ്പിളിയിൽ ഒളിപ്പിച്ചു. തള്ളപ്പക്ഷി വന്നു എന്റെ തലക്കു മുകളിൽ വട്ടമിട്ടു പറക്കാൻ തുടങ്ങി. ഞാൻ കമ്പിളി തുറന്നു പിടിച്ചപ്പോൾ കുഞ്ഞുങ്ങളുടെ അരികിൽ അത് പാറി വീണു. പെട്ടെന്ന് കമ്പിളി മടക്കി തള്ളയെയും ഞാൻ അതിനകത്താക്കി' – അയാൾ പറഞ്ഞു.

പക്ഷിക്കുഞ്ഞുങ്ങളെയും തള്ളയെയും നിലത്തുവെക്കാൻ തിരുമേനി കൽപിച്ചു. അയാൾ അവയെ നിലത്തുവെച്ചെങ്കിലും തള്ളപ്പക്ഷി അവിടത്തന്നെ നിന്നു. പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ അകന്നുനിൽക്കാൻ അതിനു കഴിഞ്ഞില്ല. സ്വഹാബികൾ അത്ഭുതത്തോടെ ആ രംഗം നോക്കിനിന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'ഈ തള്ളപ്പക്ഷിക്ക് തന്റെ കുഞ്ഞുങ്ങളോടുള്ള സ്നേഹവായ്പ് നിങ്ങളെ അത്ഭുതപ്പെടുത്തുന്നുവോ? എന്നാൽ, അല്ലാഹുവിന് തന്റെ സൃഷ്ടികളോടുള്ള സ്നേഹം ഇതിനെക്കാളധികമാണെന്ന് മനസ്സിലാക്കുക. അതുകൊണ്ട് നീ ഈ പക്ഷികളെ, അവയെ പിടികൂടിയ സ്ഥലത്തുതന്നെ കൊണ്ടു ചെന്നു വിട്ടയക്കുക'. അയാൾ പക്ഷികളെയുമെടുത്ത് തോട്ടത്തിലേക്ക് നടന്നു.

**യാ**ത്രാസംഘം ഒരിടത്ത് തമ്പടിച്ചപ്പോൾ തിരുമേനി പറഞ്ഞു: 'നമുക്ക് ഒരാടിനെ അറുത്ത് പാകം ചെയ്യാം'.

ഉടനെ സംഘാംഗങ്ങൾ ഓരോരുത്തരായി ജോലികൾ ഏറ്റെടുത്തുതുടങ്ങി.

'അറുക്കുന്നത് ഞാൻ'–ഒരാൾ. 'തൊലി ഉരിക്കുന്നത് ഞാൻ'–മറ്റൊരാൾ. 'ഞാൻ പാകം ചെയ്യാം'– മൂന്നാമൻ.

'വിറക് ശേഖരിച്ച് കൊണ്ടുവരുന്നത് എന്റെ ചുമതലയായിരിക്കും.' നബി തിരുമേനിയുടെ സ്വരമായിരുന്നു അത്.

'വേണ്ട. അതും ഞങ്ങൾതന്നെ ചെയ്തുകൊള്ളാം'– അവർ പറഞ്ഞു. പക്ഷേ തിരുമേനി സമ്മതിച്ചില്ല. 'നിങ്ങൾക്കത് ചെയ്യാൻ കഴിയുമെന്ന് എനിക്കറിയാം. പക്ഷേ ഞാനെന്നെ നിങ്ങളേക്കാൾ ഉയർന്നവനായി കരുതുന്നത് എനിക്കിഷ്ടമില്ല. തന്നെ, തന്റെ കൂട്ടുകാരേക്കാൾ ഉയർന്നവനായി ഗണിക്കുന്നവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല' എന്നു പറഞ്ഞുകൊണ്ട് വിറക് ശേഖരിക്കാനായി അദ്ദേഹം കാട്ടിലേക്ക് നടന്നു.

**ക**ടം വാങ്ങിയ ഈത്തപ്പഴം ഉടനെ തിരിച്ചുകിട്ടണമെന്ന് പറഞ്ഞു ഒരാൾ തിരുമേനിയെ ശല്യപ്പെടുത്തി. നബിയുടെ പക്കൽ ഒരു ചുള ഈത്തപ്പഴം പോലും ആ സമയത്തുണ്ടായിരുന്നില്ല. 'ഇപ്പോൾ എന്റെ പക്കൽ ഒന്നുമില്ല. അൽപം സാവകാശം തരൂ. കിട്ടിയാൽ ഞാൻ ഉടനെ എത്തിച്ചുതരാം'–വിനയപൂർവം തിരുമേനി അപേക്ഷിച്ചു. പക്ഷേ, ഒരു വിട്ടുവീഴ്ചക്കും ആ മനുഷ്യൻ തയാറായിരുന്നില്ല. കടുത്ത വാക്കുകളിൽ തിരുമേനിയെ അയാൾ ശകാരിക്കാൻ തുടങ്ങി. ഉമറിനു അത് കണ്ട് സഹിക്കാൻ കഴിഞ്ഞില്ല. കോപാക്രാന്തനായി അദ്ദേഹം അയാൾക്കുനേരെ തിരിഞ്ഞു. ഉടനെ തിരുമേനി ഇടപെട്ട് ഉമറിനെ തടഞ്ഞു: 'ഉമറേ, അദ്ദേഹത്തെ വിടുക. അവകാശി അങ്ങനെയൊക്കെ സംസാരിക്കും'.

പിന്നീട് ഖൽവത് ബിൻത് ഹകീം എന്ന വനിതയുടെ അടുത്തേക്ക് ആളയച്ച് ഈത്തപ്പഴം വരുത്തി തിരുമേനി അയാളുടെ കടം വീട്ടി.

**മ**ഖ്സൂമി കുടുംബത്തിൽ പെട്ട ഒരു സ്ത്രീ മോഷണം നടത്തി. അവളെ ചമ്മട്ടി കൊണ്ട് പ്രഹരിക്കാനായിരുന്നു തിരുമേനിയുടെ വിധി. എങ്ങനെയെങ്കിലും അവളെ ശിക്ഷയിൽനിന്ന് മോചിപ്പിക്കണമെന്ന് അവളുടെ കുടുംബക്കാർ ആഗ്രഹിച്ചു. അവർ ഉസാമതുബ്നു സൈദിനെ സമീപിച്ച് അവൾക്കുവേണ്ടി തിരുമേനിയോട് ശിപാർശ ചെയ്യാനാവശ്യപ്പെട്ടു. ഉസാമയോട് തിരുമേനിക്ക് അങ്ങേയറ്റം സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ ശിപാർശ തിരുമേനി തിരസ്കരിക്കുകയില്ലെന്ന് അവർ കരുതിയിട്ടുണ്ടാവണം.

ഉസാമ നബിയെ സമീപിച്ചു സംഗതികൾ ധരിപ്പിക്കാൻ ശ്രമിച്ചു. തിരുമേനിയുടെ കണ്ണുകൾ ചുവന്നു. 'എന്ത്? ശിക്ഷ

നിർത്തിവെക്കണമെന്നോ? ഇതുതന്നെയാണ് മുമ്പ് ഇസ്രായേലികളും ചെയ്തത്. പണക്കാർ തെറ്റു ചെയ്താൽ അവർ വെറുതെ വിടും. ദരിദ്രർ തെറ്റ് ചെയ്താലോ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു സത്യം! എന്റെ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിലും ഞാൻ അവളുടെ കരം ഛേദിക്കുകതന്നെ ചെയ്യും.'

**യു**ദ്ധമുതലുകൾ വിതരണം ചെയ്യുകയായിരുന്നു പ്രവാചകൻ. തിക്കിത്തിരക്കി ഒരാൾ തിരുമേനിയുടെ മേൽ വന്നു വീണു. തിരുമേനി കൈയിലുണ്ടായിരുന്ന ഒരു ഈത്തപ്പന മടൽകൊണ്ട് അയാളെ തടഞ്ഞു. മടൽതട്ടി അയാളുടെ ദേഹം ചെറുതായൊന്നു മുറിഞ്ഞു. അവിചാരിതമായ ഒരു സംഭവമായിരുന്നുവെങ്കിലും തിരുമേനിയെ അത് വല്ലാതെ വേദനിപ്പിച്ചു. അദ്ദേഹം ഈത്തപ്പന മടൽ ആ മനുഷ്യന്റെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു:

"ഇതാ ഈ മടലുകൊണ്ടാണ് താങ്കളുടെ ദേഹം മുറിഞ്ഞത്. പകരം അതേ മടലുകൊണ്ടുതന്നെ ഈ ദേഹത്തും മുറിവേൽപിച്ചുകൊള്ളുക."

'അല്ലാഹുവിന്റെ ദൂതരേ, അയാൾ പറഞ്ഞു: 'ഞാനത് മാപ്പാക്കിയിരിക്കുന്നു.'

**അ**വിശ്വാസിയായ ഒരു മനുഷ്യൻ ഒരു രാത്രി നബിതിരുമേനിയുടെ വീട്ടിൽ അതിഥിയായി താമസിച്ചു. തിരുമേനി അയാൾക്കുവേണ്ടി ഒരാടിനെ കറന്നു. അതിന്റെ പാൽ മുഴുവൻ അയാൾ കുടിച്ചു. അപ്പോൾ മറ്റൊരാടിനെ കൂടി കറന്നു. അതിന്റെ പാലും അയാൾ കുടിച്ചു. മൂന്നാമത് മറ്റൊരാടിനെ കറന്നു. അതിന്റെ പാലും അയാൾ കുടിച്ചു. അങ്ങനെ ഏഴ് ആടുകളുടെ പാൽ മുഴുവൻ അയാൾ കുടിച്ചുതീർത്തു. പിറ്റേന്ന് കാലത്ത് തിരുമേനിയുടെ സന്നിധിയിൽ വന്ന് അയാൾ ഇസ്‌ലാം സ്വീകരിച്ചു. അപ്പോൾ തിരുമേനി ഒരാടിനെ കറന്നു അയാൾക്ക് പാൽ നൽകി. അതയാൾ കുടിച്ചു. രണ്ടാമതൊന്നിനെകൂടി കറന്നു. പക്ഷേ, അതിന്റെ പാൽ അയാൾക്ക് കുടിക്കാൻ കഴിഞ്ഞില്ല. അപ്പോൾ തിരുമേനി പറഞ്ഞു:

"വിശ്വാസി ഒരു കുടലിൽ കുടിക്കുന്നു. അവിശ്വാസിയാകട്ടെ ഏഴു കുടലുകളിൽ കുടിക്കുന്നു."

**യ**മാമാ ദേശത്തലവനായ തമാമാ ഇബ്നു ആദാൽ ഇസ്‌ലാമാശ്ലേഷിച്ചപ്പോൾ ഒരുത്തരവ് പുറപ്പെടുവിച്ചു:

'മക്കയിലേക്ക് ഇനി ഒരു മണി ധാന്യം കയറ്റി അയക്കരുത്'.

മക്കാവാസികൾ ഭക്ഷ്യധാന്യത്തിനു യമാമയെയാണ് ആശ്രയിച്ചിരുന്നത്. അവിടെനിന്നുള്ള ധാന്യങ്ങളുടെ വരവ് നിലച്ചപ്പോൾ മക്കയിൽ കഠിനമായ ക്ഷാമം അനുഭവപ്പെട്ടു. പട്ടിണി മക്കാ വാസികളെ പൊറുതി മുട്ടിച്ചു.

ആയിടെ തമാമ തീർഥാടനാർഥം മക്കയിൽ വന്നപ്പോൾ ഖുറൈശിത്തലവന്മാർ അദ്ദേഹത്തെ ചെന്നു കാണുകയും ഭക്ഷ്യധാന്യങ്ങളുടെ മേലുള്ള വിലക്ക് നീക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. 'താങ്കൾ ഞങ്ങളുടെ മതം ഉപേക്ഷിച്ചുകളഞ്ഞുവല്ലേ!' അവർ സങ്കടത്തോടെ തമാമയോട് ചോദിച്ചു.

'അതേ, ലോകത്തെ മറ്റേത് മതത്തേക്കാളും ഉൽകൃഷ്ടമാണ് ഇസ്‌ലാം. ഞാനത് സ്വീകരിച്ചിരിക്കുന്നു. മാത്രമല്ല, ഒരുമണി ധാന്യം മേലിൽ നിങ്ങൾക്ക് തരുന്നതുമല്ല'-തമാമ അറിയിച്ചു.

നബി തിരുമേനി വിചാരിച്ചെങ്കിൽ മാത്രമേ തമാമയുടെ മനസ്സ് മാറ്റാൻ കഴിയൂ എന്ന് ഖുറൈശിത്തലവന്മാർ മനസ്സിലാക്കി. പക്ഷേ, മുഹമ്മദ് വിചാരിക്കുമോ? അദ്ദേഹത്തെയും സഖാക്കളെയും പൊറുതിമുട്ടിച്ച് മദീനയിലേക്ക് പലായനം ചെയ്യാൻ നിർബന്ധിച്ചവരാണ് താങ്കൾ. മാത്രമല്ല, ശിഅ്ബ് അബീത്വാലിബിലെ ദിനങ്ങൾ മുഹമ്മദിന് മറക്കാൻ കഴിയുമോ? പച്ചവെള്ളം പോലും നൽകാതെ മൂന്നു വർഷം സമ്പൂർണ ബഹിഷ്കരണം നടപ്പിലാക്കിയതിനാൽ ഇലകളും മരത്തോലുകളും തിന്നാണ് മുഹമ്മദും കൂട്ടുകാരും അവിടെ കഴിച്ചുകൂട്ടിയത്. ഇന്ന് മക്കാവാസികൾ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാതെ നരകയാതന അനുഭവിക്കുന്നത് മുഹമ്മദിനെ സന്തോഷിപ്പിക്കുകയല്ലേ ചെയ്യുക?

ഇങ്ങനെയൊക്കെ ചിന്തിച്ചെങ്കിലും, അവർ നബിതിരുമേനിക്ക് ഒരു കത്തെഴുതാൻ തന്നെ തീരുമാനിച്ചു: 'രക്തബന്ധത്തിന്റെ പേരിൽ ഈ പ്രയാസത്തിൽനിന്നു ഞങ്ങളെ രക്ഷപ്പെടുത്തണം' എന്നെഴുതിയ കത്ത് ഒരു ദൂതന്റെ വശം അവർ തിരുമേനിക്കെത്തിച്ചു.

കത്ത് വായിച്ച ഉടനെ തിരുമേനി തമാമക്ക് സന്ദേശം നൽകി: "മക്കയിലേക്കുള്ള ധാന്യക്കയറ്റുമതി നിർത്തേണ്ടതില്ല!"

**കു**ട്ടിക്കാലത്തെ ഒരു സംഭവം: കഅ്ബാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. വലിയവരോടൊപ്പം കുട്ടികളും സേവനനിരതരായി രംഗത്തുണ്ട്. പിതൃവ്യൻ അബ്ബാസിനോടൊപ്പം തിരുമേനിയും അതിൽ പങ്കുചേർന്നു. നിരനിരയായി നടന്നുനീങ്ങുന്ന കുട്ടികളോടൊപ്പം ഉത്സാഹത്തോടെ കല്ലുകൾ തലയിലേറ്റിക്കൊണ്ടുപോകുന്ന തിരുമേനിയെ കൺകുളിർക്കെ അബ്ബാസ് നോക്കിനിന്നു. അപ്പോഴാണ് അദ്ദേഹമത് ശ്രദ്ധിച്ചത്. വെറും തലയിലാണ് തിരുമേനി കല്ലുകളേറ്റിവെച്ചിരിക്കുന്നത്. പരുത്ത കല്ലുകളുരഞ്ഞു കുരുന്നു ശിരസ്സിനു മുറിവേൽക്കുമെന്നദ്ദേഹം ഭയന്നു. തിരുമേനിയെ വിളിച്ച് അദ്ദേഹം പറഞ്ഞു: വസ്ത്രം അഴിച്ചു ചുരുട്ടി തലയിൽ വെച്ചോളൂ. കല്ല് ഉരഞ്ഞു പോറലേൽക്കും.

കഅ്ബാലയത്തിന്റെ പരിസരത്ത് കുട്ടികൾ മാത്രമല്ല, വലിയവരും നഗ്നരാവാറുണ്ട്. പിറന്ന വേഷത്തിൽ വിശുദ്ധ ഗേഹത്തെ പ്രദക്ഷിണം ചെയ്യുന്നത് തീർഥാടകർ പുണ്യമായി കരുതിയിരുന്നു. അതുകൊണ്ടുതന്നെ ബാലനായ തിരുമേനിക്ക് പിതൃവ്യന്റെ ഉപദേശം സ്വീകരിക്കുന്നതിൽ പന്തികേട് തോന്നിയില്ല. അദ്ദേഹം വസ്ത്രം അഴിച്ച് തലയിൽ ചുരുട്ടി വെച്ചു. പെട്ടെന്ന് ലജ്ജമൂലം തിരുമേനി വിവർണമായിപ്പോയി. മോഹാലസ്യപ്പെട്ട് അദ്ദേഹം നിലത്തുവീണു. ആളുകൾ അമ്പരന്നു ചുറ്റുംകൂടി. അബ്ബാസ് അടുത്തിരുന്നു തിരുമേനിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. അൽപസമയം കഴിഞ്ഞ് തിരുമേനിക്ക് ബോധം തെളിഞ്ഞു. പതുക്കെ കണ്ണുകൾ തുറന്നു അദ്ദേഹം വിളിച്ചു പറഞ്ഞു: 'തുണി... തുണി.'

**അ**ബൂസുഫ്‌യാൻ, അബൂജഹ്ൽ, അഖ്നസ്- നബിതിരുമേനിയുടെ കഠിന ശത്രുക്കൾ. മക്കയിലെ മഹാ പ്രമാണിമാർ. നബിതിരുമേനിയുടെ അനുയായികളുടെ സംഖ്യ നാൾക്കുനാൾ കൂടിക്കൂടിവരുന്നത് കണ്ട് അവർക്ക് സംശയം: മുഹമ്മദ് പ്രബോധനം ചെയ്യുന്ന മതം സത്യം തന്നെയാവുമോ?

ഒരു രാത്രി അബൂസുഫ്‌യാൻ മറ്റു രണ്ടു പേരെയും അറിയിക്കാതെ അതീവ രഹസ്യമായി നബിതിരുമേനിയുടെ വസതിയുടെ ഒരു ഭാഗത്ത് വന്ന് ഇരിപ്പുറപ്പിച്ചു. അന്നേരം വീട്ടിന്റെ മറ്റൊരു ഭാഗത്ത് അബൂജഹ്ൽ പതുങ്ങിയിരിക്കുന്നുണ്ടായിരുന്നു. അൽപം കഴിഞ്ഞ് അഖ്നസ് വന്ന് മറ്റൊരു ഭാഗത്ത്

ഇരുന്നു. മൂന്നു പേർക്കും ഒരേ ഉദ്ദേശ്യമായിരുന്നു. രാത്രിയുടെ ശാന്തമായ യാമങ്ങളിൽ ശ്രുതിമധുരമായ സ്വരത്തിൽ ഖുർആൻ പാരായണം ചെയ്തുകൊണ്ട് ദീർഘനേരം നമസ്കാരത്തിൽ മുഴുകുക തിരുമേനിയുടെ പതിവാണ്. ആ ഖുർആൻ പാരായണം ശ്രവിച്ചു സംഗതി മനസ്സിലാക്കണം. പക്ഷേ, മൂന്നു പേരും പരസ്പരമറിയിക്കാതെ വളരെ രഹസ്യമായാണ് അവിടെ എത്തിച്ചേർന്നത്. ഓരോരുത്തരുടെയും മനസ്സിൽ, തങ്ങളുടെ ഈ രഹസ്യം മറ്റു രണ്ടു പേരുമറിയരുതേ എന്നായിരുന്നു.

ശ്രവണ പുടങ്ങളെ കുളിരണിയിക്കുന്ന തിരുമേനിയുടെ ഖുർആൻ പാരായണം ശ്രവിച്ച ശേഷം പ്രഭാതത്തോടടുത്ത നേരം അവർ മൂവരും തിരിച്ചു പുറപ്പെട്ടു. പക്ഷേ, വഴിയിൽ യാദൃച്ഛികമായി അവർ കണ്ടുമുട്ടുകയും രഹസ്യം വെളിച്ചത്താവുകയും ചെയ്തു. അവർ പരസ്പരം ആക്ഷേപിച്ചു. പക്ഷേ, ആക്ഷേപിച്ചിട്ടെന്ത് കാര്യം, മൂന്നു പേരും ഒരേ തെറ്റു ചെയ്തവരാണല്ലോ. അതിനാൽ അവർ അവിടെ വെച്ച് ഒരു തീരുമാനമെടുത്തു. 'മറ്റുള്ളവർ ഇത് കണ്ടുപിടിച്ചാൽ അപകടമാണ്. അവർ മുഹമ്മദിന്റെ പക്ഷത്തേക്ക് മാറും. നാം അതോടെ ദുർബലരായിത്തീരുകയും ചെയ്യും. അതുകൊണ്ട് ഈ പണി ഇനി ആവർത്തിക്കരുത്'. അങ്ങനെ അന്നു അവർ പിരിഞ്ഞു. അടുത്ത രാത്രി. തലേന്നാൾ പുറപ്പെട്ട സമയം ആഗതമായപ്പോൾ സ്വന്തം കാലുകളെ പിടിച്ചുനിർത്താൻ അവർക്ക് കഴിഞ്ഞില്ല. അവർ വീണ്ടും പുറപ്പെട്ടു. തിരുമേനിയുടെ വസതിയുടെ മൂന്നു ഭാഗങ്ങളിൽ പതുങ്ങിയിരുന്നു അദ്ദേഹത്തിന്റെ ശ്രവണസുഭഗമായ ഖുർആൻ പാരായണം അവർ ശ്രവിച്ചു. ഓരോരുത്തരും കരുതി ഇന്നു ഞാൻ മാത്രമേ വന്നിട്ടുള്ളു; മറ്റു രണ്ടു പേരും ഇതറിയില്ല. പക്ഷേ, പ്രഭാതത്തിൽ തിരിച്ചു പോകുമ്പോൾ അവർ കണ്ടുമുട്ടി. അന്നും മേലിൽ ഇതാവർത്തിക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് അവർ പിരിഞ്ഞുപോയി. പക്ഷേ, മൂന്നാം ദിവസം രാത്രിയിലും അതുതന്നെ ആവർത്തിച്ചു. തിരുമേനിയുടെ ഖുർആൻ പാരായണം ശ്രവിക്കാനുള്ള ഉൽക്കടമായ ദാഹത്തെ തടഞ്ഞുനിർത്താൻ അവർക്കായില്ല. അന്ന് മടക്കത്തിൽ വീണ്ടും കണ്ടുമുട്ടിയ അവർ ഇനി ഒരിക്കലും അങ്ങനെ ചെയ്യുകയില്ലെന്ന് ശപഥം ചെയ്തുകൊണ്ടാണ് മടങ്ങിയത്.

പിന്നീടൊരിക്കൽ അഖ്നസ് അബൂജഹ്ലിനോട് ചോദിച്ചു: 'അല്ലയോ അബുൽഹകം, അന്ന് മുഹമ്മദിന്റെ പാരായണത്തിൽനിന്നും നാം മനസ്സിലാക്കിയ കാര്യങ്ങളെക്കുറിച്ച് എന്താണ് അഭിപ്രായം?'

അബൂജഹ്ൽ പറഞ്ഞു: 'എന്ത് പറയാനാണ്, ഞങ്ങളും അബ്ദുമനാഫ് വംശവും നീണ്ടകാലം കിടമത്സരത്തിലേർപ്പെട്ടു. അവർ അന്നദാനം ചെയ്തു. ഞങ്ങളും ചെയ്തു. അവർ ത്യാഗങ്ങൾ സഹിച്ചു. ഞങ്ങളും സഹിച്ചു. അവർ ധർമം ചെയ്തു. ഞങ്ങളും ചെയ്തു. അവരും ഞങ്ങളും വാഹനപ്പുറത്ത് യാത്ര ചെയ്താൽ അതുപോലും ഒരു മത്സരം പോലെയായി. അങ്ങനെയിരിക്കെ, തങ്ങൾക്കിടയിൽ ഒരു പ്രവാചകനുണ്ടെന്നും അദ്ദേഹത്തിന് വാനലോകത്തുനിന്ന് ദിവ്യബോധനം ലഭിക്കുന്നുവെന്നും അവർ അവകാശപ്പെടുന്നു. അത്തരത്തിലൊന്ന് നമുക്കെപ്പോഴാണ് ലഭിക്കുക? അല്ലാഹുവാണ ഞാൻ അവനെ വിശ്വസിക്കുകയോ ശരിവെക്കുകയോ ഇല്ല'.

**യാ**ത്രാ സംഘം ഒരിടത്തു തമ്പടിച്ചിരിക്കുകയായിരുന്നു. തിരുമേനി പരിസര നിരീക്ഷണം നടത്തിക്കൊണ്ട് ചുറ്റി നടന്നു. അൽപമകലെ തീ കത്തുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. തണുപ്പകറ്റാൻ ആരോ തീയിട്ടു കായുകയാവും. തിരുമേനി ആ ഭാഗത്തേക്ക് നടന്നു. അതിനിടയിലാണ് ഒരു റുമ്പുകൂട്ടം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടത്. മറ്റൊരുകൂട്ടം ഉറുമ്പുകൾ ഒരു ജാഥയായി അവിടേക്ക് വരുന്നുമുണ്ട്. അവക്കിടയിലാണ് തീ. അൽപം കഴിഞ്ഞാൽ പാവം ജീവികൾ കരിഞ്ഞുപോകും! അതോർത്തപ്പോൾ തിരുമേനിക്ക് സങ്കടം തോന്നി.

'ആരാണ് തീ കത്തിക്കുന്നത്?' തിരുമേനി വിളിച്ചുചോദിച്ചു.

'ഞാനാണ് പ്രവാചകരേ'–തീയിട്ട മനുഷ്യൻ പ്രതിവചിച്ചു. 'എന്താണ് കാര്യം?'

'വേഗം തീ കെടുത്തുക'– തിരുമേനി കൽപിച്ചു.

മറ്റൊന്നും ചോദിക്കാതെ അയാൾ ഉടനെ കൽപന അനുസരിച്ചു. തീ കെട്ടമരുന്നതുവരെ തിരുമേനി അവിടത്തന്നെ നിന്നു. ഉറുമ്പുകൾ സുരക്ഷിതരായിരിക്കുന്നു എന്നുറപ്പായപ്പോൾ 'അല്ലാഹുവിന് സ്തോത്രം' എന്നു പറഞ്ഞ് അദ്ദേഹം തിരിച്ചുനടന്നു.

**ന**സ്താസ്! ഈ പാപിയെ കൊണ്ടുപോയി കൊന്നുകളയൂ.

സഫ്വാൻ ഗർജിച്ചു. രണ്ടു കൈകളും പിന്നിൽ ബന്ധിച്ച നിലയിൽ സൈദുബ്നുദ്ദസിന അവർക്കിടയിൽ നിന്നു.

ദിവസങ്ങൾക്കു മുമ്പ് നബിതിരുമേനിയുടെ അടുത്തു വന്ന ഒരു നിവേദക സംഘം ചെയ്ത വഞ്ചനയാണ് സൈദിനെ ഈ സ്ഥിതിയിലെത്തിച്ചത്. നിവേദകസംഘം തിരുമേനിയുടെ മുമ്പിൽ ചെന്നുണർത്തി: 'പ്രവാചകരേ, ഞങ്ങളുടെ ഗോത്രം ഇസ്ലാം സ്വീകരിച്ചിരിക്കുന്നു. അതിനാൽ ഇസ്ലാമികനിയമങ്ങൾ പഠിപ്പിക്കാനും ഖുർആൻ ഓതിത്തരാനുമായി ഏതാനും പേരെ അയച്ചുതന്നാലും.'

അവരുടെ വാക്കുകൾ വിശ്വസിച്ച് തിരുമേനി ആറു പേരെ തെരഞ്ഞെടുത്തു അവരോടൊപ്പം അയച്ചു. റജീഇലെത്തിയ നിവേദകസംഘം ഹുദൈൽ ഗോത്രത്തെ ഇളക്കിവിട്ടു. അവർ വാളുയർത്തിപ്പിടിച്ച് മുസ്ലിംസംഘത്തെ നേരിട്ടു. മുസ്ലിംകളും വാളൂരി. അപ്പോൾ ഹുദൈൽ ഗോത്രം പറഞ്ഞു: 'ഞങ്ങൾ നിങ്ങളെ കൊല്ലുകയില്ല. മക്കക്കാർക്ക് നിങ്ങളെ വിൽക്കാനാണ് ഞങ്ങളുദ്ദേശിക്കുന്നത്.'

മക്കക്കാരുടെ അടിമകളായിത്തീരുക എന്നത് മരണത്തേക്കാൾ ഭയാനകവും അപമാനകരവുമായിരുന്നു. മുസ്ലിംകൾ മുഖാമുഖം നോക്കി. തങ്ങൾ ആറു പേരെയുള്ളൂ. ഹുദൈൽ ഗോത്രത്തോട് യുദ്ധം ചെയ്യാനുള്ള ആൾബലമോ ആയുധബലമോ ഇല്ല. എങ്കിലും അപമാനം സഹിക്കുന്നതിനേക്കാൾ നല്ലത് ധീരമായി യുദ്ധം ചെയ്ത് വീരമൃത്യു വരിക്കുന്നതാണ്. അവർ യുദ്ധം ചെയ്യാൻ തന്നെ തീരുമാനിച്ചു. ആറു പേരിൽ മൂന്നു പേർ യുദ്ധക്കളത്തിൽ വീണ് രക്തസാക്ഷികളായി. അവശേഷിച്ച മൂന്നു പേർ ബന്ധനസ്ഥരാക്കപ്പെട്ടു. അവരെ കൈകൾ കെട്ടി മക്കയിലേക്ക് വിൽക്കാൻ വേണ്ടി കൊണ്ടുപോയി. വഴിക്കു വെച്ച് കൈകളുടെ കെട്ടു പൊട്ടിച്ച് വാളെടുത്ത അബ്ദുല്ലബിൻ ത്വാരിഖിനെ ശത്രുക്കൾ കല്ലെറിഞ്ഞു കൊന്നു. അവശേഷിച്ച രണ്ടു പേർ ഖബ്ബാബ്ബിൻ അറത്തും സൈദുമായിരുന്നു. ഖബ്ബാബിനെ കുരിശിൽ തറച്ചു കൊലപ്പെടുത്തുകയാണുണ്ടായത്. സൈദിനെ വിലയ്ക്ക് വാങ്ങിയ സഫ്വാനും അദ്ദേഹത്തെ കൊന്നുകളയാൻ തന്നെ തീരുമാനിച്ചു. തന്റെ അടിമയായ നസ്താസിനെയാണ് ആ കൃത്യത്തിനു അയാൾ ഏൽപിച്ചത്.

നസ്താസ്, സൈദിനെ വധിക്കാൻ തയാറെടുത്തു

നിൽക്കുകയാണ്. മക്കാവാസികൾ ആ രംഗം കാണാനായി ചുറ്റും തടിച്ചുകൂടിയിരിക്കുന്നു. മരണത്തെ മുമ്പിൽ കണ്ടു നിൽക്കുന്ന സൈദിനെ സമീപിച്ചുകൊണ്ട് അപ്പോൾ അബൂസുഫ്‌യാൻ ചോദിച്ചു: 'പറയൂ സൈദ്, നിന്നെ നിന്റെ കുടുംബത്തിലേക്കയച്ച ശേഷം ഈ സ്ഥാനത്ത് മുഹമ്മദിനെ നിർത്തി വധിക്കുകയാണെങ്കിൽ അതല്ലേ നിനക്കിഷ്ടം?'

സൈദിന്റെ മറുപടി ഇതായിരുന്നു: 'ഞാൻ എന്റെ വീട്ടിലിരിക്കെ, മുഹമ്മദ് ഇപ്പോൾ എവിടെയാണോ അവിടെ വെച്ച് അദ്ദേഹത്തിന്റെ കാലിൽ ഒരു മുള്ളു കൊള്ളുന്നതുപോലും എനിക്ക് സഹിക്കാനാവുകയില്ല'.

സൈദിന്റെ മറുപടി കേട്ട് അബൂസുഫ്‌യാൻ അമ്പരന്നു. 'മുഹമ്മദിന്റെ അനുയായികൾ അദ്ദേഹത്തെ സ്നേഹിക്കുന്നതുപോലെ, നേതാവിനെ സ്നേഹിക്കുന്ന ഒരനുയായി വൃന്ദത്തെ ഞാൻ കണ്ടിട്ടില്ല'–അയാൾ ആത്മഗതം ചെയ്തു.

**അ**ബ്ദുല്ലാഹിബ്നു ഉബയ്യ് കപടവിശ്വാസികളുടെ തലവനാണ്. മുസ്‌ലിംകൾ ബനൂമുസ്ത്വലിഖ് യുദ്ധത്തിന് പുറപ്പെട്ടപ്പോൾ അദ്ദേഹവും അവരുടെ കൂടെ യാത്രയായി. യുദ്ധമുതലുകൾ വീതിക്കുമ്പോൾ ഒരു ഓഹരി തനിക്കും ലഭിക്കുമല്ലോ. അതായിരുന്നു അയാളുടെ ലാക്ക്.

ഉമറുബ്നുൽ ഖത്താബിന് ഒരു കുതിരക്കാരനുണ്ടായിരുന്നു. മദീനയിലെ ഖസ്‌റജ് ഗോത്രക്കാരനായ ഒരാളും ഈ കുതിരക്കാരനും തമ്മിൽ ഒരു ജലാശയത്തിനടുത്ത് വെച്ച് ഉന്തും തള്ളും നടന്നു. ഖസ്‌റജുകാരൻ അൻസ്വാറുകളെ വിളിച്ച് സഹായമഭ്യർഥിച്ചു. ഉടനെ മുഹാജറികുളെ വിളിച്ച് അയാളും സഹായം തേടി. ഇതെല്ലാം കണ്ടുനിൽക്കുകയായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യ്. ഇത് നല്ല തക്കമാണെന്നയാൾ കണ്ടു. 'നോക്കൂ, നമ്മുടെ നാട്ടിൽ പോലും മുഹാജിറുകൾ നമ്മെ കീഴ്പ്പെടുത്തുകയാണ്. പാലുകൊടുത്ത കൈക്ക് കടിക്കുന്ന പാമ്പിനെപ്പോലെ, അവർ നമ്മെ തിരിഞ്ഞുകൊത്തുന്നു. മദീനയിലെത്തട്ടെ, ശക്തർ ദുർബലരെ ബഹിഷ്കരിക്കുക തന്നെ ചെയ്യും.' അദ്ദേഹം തുടർന്നു: 'ഇതെല്ലാം നിങ്ങൾ പറ്റിച്ച പണിയാണ്. സ്വന്തം നാട് നിങ്ങളവർക്ക് വീതിച്ചുകൊടുത്തു. ധനം പകുത്തു നൽകി. ഇതൊന്നും നിങ്ങൾ ചെയ്തില്ലായിരുന്നുവെങ്കിൽ അവർ മറ്റെവിടെയെങ്കിലും പോയ്ക്കൊള്ളുമായിരുന്നു'.

അബ്ദുല്ലാഹിബ്നു ഉബയ്യിനെ കിരീടമണിയിച്ച് രാജാവാക്കാൻ മദീനയിൽ ചിലർ തീരുമാനിച്ചിരുന്നു. ആ സമയത്താണ് തിരുമേനി മദീനയിലെത്തുന്നത്. അതിനാൽ തിരുമേനിയോട് ഉള്ളിൽ അയാൾക്ക് പകയുണ്ടായിരുന്നു. ആ പകയാണ് അദ്ദേഹം പ്രകടിപ്പിച്ചത്.

ഇബ്നു ഉബയ്യിന്റെ വാക്കുകൾ ആരോ നബിയുടെ കാതിലെത്തിച്ചു. ഉമർ അതു കേട്ട് പൊട്ടിത്തെറിച്ചു: 'അവനെ ഉടൻ കൊന്നുകളയാൻ ബിലാലിനോട് കൽപിക്കൂ, തിരുമേനീ.' ക്രോധത്തോടെ ഉമർ പറഞ്ഞു. പക്ഷേ, ദീർഘദൃക്കായ തിരുമേനിക്ക് ഉമറിന്റെ ആ നിർദേശം സ്വീകാര്യമായി തോന്നിയില്ല. അദ്ദേഹം പറഞ്ഞു: 'ഉമർ, എന്താണിപ്പറയുന്നത്? മുഹമ്മദ് സ്വന്തം അനുയായികളെ വധിക്കാൻ തുടങ്ങിയെന്നു ആളുകൾ പറയില്ലേ?'

തന്റെ സംസാരം നബിതിരുമേനി അറിഞ്ഞത് മനസ്സിലാക്കിയ അബ്ദുല്ലാഹിബ്നു ഉബയ്യ് നബിയുടെ മുമ്പിൽ ഓടിയെത്തി. താൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്നു അയാൾ സത്യം ചെയ്തു. എങ്കിലും ഇനിയും അവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് തിരുമേനി മനസ്സിലാക്കി. മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ ഭിന്നിപ്പിന്റെ വിഷബീജം വീണു കഴിഞ്ഞിരിക്കുന്നു. അത് മുതലെടുക്കാൻ കപടവിശ്വാസികൾ ശ്രമിച്ചേക്കും. ഉടനെ സ്ഥലം വിടണം. ഉബയ്യിന്റെ വാക്കുകളെക്കുറിച്ച് ചിന്തിക്കാൻ അവർക്ക് സാവകാശം നൽകരുത്.

യാത്ര ചെയ്യാവുന്ന സന്ദർഭമായിരുന്നില്ല അത്. എങ്കിലും ഉടനെ പുറപ്പെട്ടുകൊള്ളാൻ തിരുമേനി ഉത്തരവ് നൽകി. യാത്രാ സംഘം നീങ്ങി. ജനങ്ങൾ ക്ഷീണിച്ചവശരാകുന്നതുവരെ തിരുമേനി അവർക്ക് വിശ്രമം നിഷേധിച്ചു. അവസാനം ഒരിടത്തിറങ്ങി തമ്പടിച്ചപ്പോൾ ക്ഷീണം മൂലം യാത്രക്കാരെല്ലാം പെട്ടെന്നു തന്നെ ഉറങ്ങുകയും ചെയ്തു.

തിരുമേനിയുടെ ഈ തന്ത്രം വിജയിച്ചു. അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ കുതന്ത്രങ്ങൾ നിഷ്ഫലമാവുകയും ചെയ്തു....

മദീനയുടെ കവാടത്തിൽ ഊരിപ്പിടിച്ച വാളുമായി അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ പുത്രൻ. പിതാവിന്റെ വരവും കാത്തിരിക്കുകയാണദ്ദേഹം. മദീനയിലെത്തിയാൽ നബിതിരുമേനി തന്റെ പിതാവിനെ വധിച്ചുകളയുമെന്നു അദ്ദേഹം മനസ്സിലാക്കി. പിതാവിനെ സ്വന്തം കൈകൾകൊണ്ടുതന്നെ കൊല്ലനാണ് ഖഡ്ഗം ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം നിൽക്കുന്നത്.

'തിരുദൂതരേ, എന്റെ പിതാവിനെ താങ്കൾ വധിക്കാൻ ഉദ്ദേശിക്കുന്നതായി അറിഞ്ഞു. ആ കൃത്യം എന്നെതന്നെ ഏൽപിച്ചാലും. അദ്ദേഹത്തിന്റെ തല ഞാൻ എടുത്തുതരാം'. നബിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ആ വാക്കുകൾ തിരുമേനിയെ അത്ഭുതപ്പെടുത്തി. അദ്ദേഹം തുടർന്നു: 'ഖസ്‌റജ് ഗോത്രത്തെ താങ്കൾക്കറിയാമല്ലോ. എന്നെക്കാളധികം പിതാവിനെ സ്നേഹിക്കുന്ന മറ്റൊരാൾ ഖസ്‌റജ് ഗോത്രത്തിലില്ലെന്നു ഏവർക്കുമറിയാം. എന്റെ പിതാവിനെ കൊല്ലുന്നയാൾ ജനമധ്യത്തിലൂടെ നടക്കുന്നത് കാണേണ്ടിവരുന്ന ഒരവസ്ഥ ഞാൻ ഭയപ്പെടുന്നു. അയാളെ ഞാൻ കൊന്നുപോയെന്നു വരും. അവിശ്വാസിക്കുപകരം വിശ്വാസിയെ കൊല്ലുക–നരകമായിരിക്കും അതിന്റെ ഫലം. അതുകൊണ്ട് നബിയേ, ഈ കൃത്യം മറ്റൊരാളെ അങ്ങ് ഏൽപിക്കരുത്.'

ഒരു വശത്ത് പിതാവിനോടുള്ള അദമ്യമായ സ്നേഹം. മറുവശത്ത് ഇസ്‌ലാമിനോടുള്ള കറയറ്റ പ്രതിബദ്ധത. ഒരു വശത്ത് അറബിയുടെ ധീരോദാത്തത. മറുവശത്ത് മുസ്‌ലിമിന്റെ സമാധാന വാഞ്ഛ. ആത്മസംഘർഷത്തിന്റെ സൂചിമുനയിലാണദ്ദേഹം നിൽക്കുന്നത്. യാത്രാസംഘത്തോടൊപ്പം അബ്ദുല്ലാഹിബ്നു ഉബയ്യ് വന്നെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'തിരുമേനിയുടെ അനുമതി കൂടാതെ ഒരടി മുന്നോട്ടുവെക്കാൻ ഞാൻ സമ്മതിക്കുകയില്ല.' ഖഡ്ഗമുയർത്തിപ്പിടിച്ചു പിതാവിനെ അദ്ദേഹം തടഞ്ഞുനിർത്തി.

മുഹാജിറുകളെയും അൻസ്വാറുകളെയും ഭിന്നിപ്പിക്കാൻ ശ്രമിച്ച അബ്ദുല്ലാഹിബ്നു ഉബയ്യ്, സ്വന്തം പുത്രൻ പോലും തന്റെ ശത്രുവായി മാറിയതു കണ്ട് അമ്പരന്നു. വികാരനിർഭരമായ വിനാഴികകൾ. തിരുമേനി ആ രംഗത്തേക്ക് കടന്നുവന്നു.

'അദ്ദേഹത്തെ നാം വധിക്കാൻ പോകുന്നില്ല. അദ്ദേഹത്തോട് കരുണ കാണിക്കാനാണ് നാമുദ്ദേശിക്കുന്നത്. നമ്മുടെ കൂട്ടത്തിലുണ്ടാവുന്ന കാലത്തോളം അദ്ദേഹവുമായി ഉത്തമ സൗഹൃദം നാം നിലനിർത്തുകതന്നെ ചെയ്യും.' ●